(സി) ശ്രദ്ധയിൽപ്പെട്ടാൽ തടയാൻ നടപടി സ്വീകരിക്കാം.

(ഡി) ഫോറങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

47 (1779) കാട്ടുതീ തടയാൻ നടപടി

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ കാട്ടുതീ തടയുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എന്ത് തുക ചെലവ് ചെയ്തു;

(സി) ഇതിന്റെ ഫലമായി കാട്ടുതീമൂലം ഉണ്ടാകുമായിരുന്ന എത്ര രൂപയുടെ നഷ്ടം ഒഴിവാക്കാൻ സാധിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99 വർഷത്തിൽ കാട്ടുതീ തടയുന്നതിന് ഫലപ്രദമായ നിരവധി പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. വനത്തിൽ നിലവിലുള്ള റോഡുകളുടെ ഇരുവശവും ഫയർലൈൻ തെളിക്കുക, മൂന്ന് വർഷംവരെ പ്രായമായ തോട്ടങ്ങൾക്ക് ചുറ്റും യൂക്കാലിപ്റ്റസ്, പൈൻ മുതലായ വെള്ള മരത്തോട്ടങ്ങൾക്കു ചുറ്റും, സ്വാഭാവിക വനങ്ങൾക്കും ചുറ്റും ഫയർ ലൈൻ തെളിക്കുക, കാട്ടുതീ ഉണ്ടായാൽ അണയ്ക്കുന്നതിന് ഫയർ മസ്ദൂർമാരെ നിയമിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടപ്പാക്കിയിരിക്കുന്നത്. കൂടാതെ വനം വകുപ്പിലെ ജീവനക്കാർക്ക് അഗ്നിശമന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയും, ഫയർ വാച്ച് ടൗവ്വർ നിർമ്മിക്കുകയും അഗ്നിശമന ഉപകരണങ്ങൾ വയർലെസ് സെറ്റുകൾ എന്നിവ വാങ്ങുകയും വനത്തിന് സമീപം താമസിക്കുന്നവർക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 348.991 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) കാട്ടുതീ ഉണ്ടാകുന്നതുമൂലം വനവിഭവങ്ങൾക്ക് നാശനഷ്ടം ഉണ്ടാകുന്നതോടൊപ്പം തന്നെ അമൂല്യങ്ങളായ ഔഷധ സസ്യങ്ങളും സൂക്ഷ്മ ജീവജാലങ്ങളും മറ്റ് ജീവജാലങ്ങളും നശിച്ചുപോകുന്നുണ്ട്. കാട്ടുതീ അതിജീവിച്ച് നിലനിൽക്കുന്ന ജീവജാലങ്ങളുടെ വളർച്ച ക്രമേണ കുറയുകയും അവയുടെ പാരിസ്ഥിതിക ശേഷി ക്രമേണ നഷ്ടപ്പെടുകയും ചെയ്യുന്നു. വനങ്ങളിലെ മണ്ണിന്റെ ഘടനയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നതുമൂലം ഗുണമേന്മ നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതുമൂലം മണ്ണൊലിപ്പ് കൂടുവാൻ സാദ്ധ്യതയുള്ളതുമാണ്. ഈ സാഹചര്യത്തിൽ കാട്ടുതീമൂലം ഉണ്ടാകുമായിരുന്ന സാമ്പത്തിക നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുക പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly